64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 640 Participant Code: 033

വിഷയം : ഒറ്റമുറിയുള്ള വീട്

# ജനനി

മരങ്ങൾക്കിടയിലൂടെ അരിച്ചിറങ്ങുന്ന സൂര്യപ്രകാശം പുൽനാമ്പുകളെ തഴുകി. രാവിലെ മുതൽ തന്നെ വീടിനടുത്തായി ചുറ്റിപ്പറ്റി നടക്കുന്ന പൂച്ച മീൻവിൽപ്പനക്കാരനെ കാത്തിരിക്കുകയാണ്. പൂച്ചയുടെ കരച്ചിൽ കേട്ടാണ് ജനനി വാതിൽ തുറന്നത്. സൂര്യപ്രകാശം വീണ് പതിച്ചപ്പോൾ അവരുടെ വെള്ളാരംകണ്ണുകൾ നന്നായി തിളങ്ങി. ഇരുണ്ട നിറമുള്ള, ഇടതൂർന്ന മുടി മടക്കി മുകളിലേക്ക് കെട്ടിവച്ച്. എല്ലാദിവസവും തുടർച്ചയായി യന്ത്രം ചെയ്യുന്ന പോരാളിയെ പോലെ ജനനി അടുക്കളയിലേക്ക് നടന്നു. പുതിയ ദിവസത്തിലെ പുതിയ ജോലികൾ ചെയ്യാനല്ല, മറിച്ച് പുതിയ പ്രഭാതത്തിലെ ആവർത്തിച്ചു പോയ പഴയ ജോലികൾ ചെയ്യാനായി.

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

Item Code: 640 Participant Code: 033

മുഴുവൻ പേര് ജനനി വാസുദേവൻ. അല്ല, അത് വിവാഹത്തിന് മുൻപ്. ഇപ്പോൾ പേര് ജനനി രാജീവ്. ഭർത്താവ് രാജീവ്. 9-ാം ക്ലാസിലും നാലാം ക്ലാസിലും പഠിക്കുന്ന രണ്ട് മക്കൾ, താരയും തനയയും. നെല്ലിപ്പാടം ഹയർ സെക്കന്ററി സ്കൂളിലെ അധ്യാപകനായ രാജീവിന്റെ ഭാര്യയാണ് ജനനി. അവരെക്കുറിച്ച് പറയാൻ ഇത്രയൊക്കെയുള്ളൂ. ജനനത്തിൽ ഇതിലും വലിയ വിശേഷങ്ങൾ അവൾ അർഹിക്കുന്നില്ല. അല്ലെങ്കിൽ അർഹതയുണ്ടായിട്ടും അവളത് സ്വീകരിച്ചില്ല.

സാരിയുടെ തുമ്പുകൊണ്ട് മുഖം തുടച്ച് ജനനി മക്കൾക്കായുള്ള ചോറ് പാത്രത്തിൽ എടുത്തുവച്ചു. പിണങ്ങും. പിണങ്ങും. തുടച്ചിട്ടും വിയർപ്പുതുള്ളികൾ അവരുടെ നെറ്റിൽനിന്ന് ഇറ്റു

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വീണുകൊണ്ടിരുന്നു. അവരുടെ മുഖം ആകെ വികൃതമായി ചിരിക്കുന്നു. ചിലപ്പോൾ ഒരു ജോലിയും ചെയ്യാതെ വീട്ടിൽ ഒറ്റയ്ക്കിരുന്നിട്ടാവാം.

"ദേ, ദോശ എടുത്ത് വച്ചിരിക്കുന്നു. ~~വന്നു~~ വന്ന് കഴിച്ചേ."

"എനിക്ക് വേണ്ട. എനിക്കിന്ന് നേരത്തെ പോണം. ക്ലാസുണ്ട്."

താരയുടെ മറുപടി ജനനിക്ക് തീരെ പിടിച്ചില്ല. അവർ പുരികം ചുളിച്ചുകൊണ്ട് അടുക്കളയിലേക്ക് നീങ്ങി. അവരുടെ കണ്ണിന്റെ താഴെയുള്ള കറുപ്പുനിറം വീണ്ടും ഇരുണ്ടു.

രാജീവിന് ചോറെടുത്ത് ബാഗിൽ വച്ച് കൊടുത്തത് താരയാണ്. ജനനിയും രാജീവും തമ്മിൽ പരസ്പരം നോക്കിയിട്ട് തന്നെ രണ്ട് വർഷമായി. അതിനുള്ള കാരണമെന്താണെന്ന് ജനനിക്ക്

വ്യക്തമായി ഓർമയില്ല. തന്റെ
മാതാപിതാക്കളുടെ ഈ മരണം
താരയെ സന്തോഷിപ്പിച്ചു. അവൾ
ചിന്തിക്കുന്നത് മാതാപിതാക്കൾ
തമ്മിൽ സംസാരിച്ചാലല്ലേ
വഴക്കുണ്ടാവുകയുള്ളൂ എന്നാണ്
അത് സത്യം തന്നെയാണ്.
ഇതിനെക്കുറിച്ചൊന്നും ചിന്തി-
ക്കാതെ കൂട്ടുകാരോടൊപ്പം
തുള്ളിച്ചാടി നടക്കുന്ന താരയ-
യ്ക്ക് അൽപം കൂടി സമാധാനം
ഉണ്ടെന്ന് പറയാം.

ഭർത്താവും മക്കളും
സ്കൂളിൽ പോയതിനാൽ എല്ലാ
ജോലികളും തീർത്ത് കട്ടിലിൽ
മലർന്നു കിടക്കുകയാണ് ജനനി.
ഉറങ്ങാൻ ശ്രമിച്ചപ്പോൾ ഫാനിന്റെ
ശബ്ദവും ക്ലോക്കിലെ സൂചിക-
ളുടെ ശബ്ദവും അവളെ
അതിന് അനുവദിച്ചില്ല. ജനനി
തന്റെ കണ്ണുകൾ തുറന്നു. ഇന്നത്തെ

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

ദിവസം അവർക്ക് ഒരു [illegible]-
[illegible]തായി തോന്നി. അവർ
എന്തൊക്കെയോ ആലോചിച്ച്
കൂട്ടി. ജെന്നി എന്ന പേരിന്റെ
അർത്ഥമെന്താണ്? ദേവി എന്നാണോ
അമ്മ എന്നാണോ? അല്ല, ദേവി
എന്ന് പറഞ്ഞാൽ നമ്മുടെ
അമ്മ തന്നെയാണല്ലോ. എന്നാലും
അമ്മയെക്കാളും വലുതാവേണ്ടേ
ദേവിക്ക്? ഇങ്ങനെയും ചിന്തിച്ചു
കൊണ്ടിരിക്കുമ്പോൾ ആരോ
വന്നത് വാതിലിൽ മുട്ടുന്ന
ശബ്ദം ജെന്നി കേട്ടു. ബലമുള്ള
കൈകളാൽ ബലമില്ലാത്ത
വാതിലിൽ മുട്ടിയപ്പോഴുണ്ടായ
ശബ്ദം ഒരു ചെറിയ പേനിയെ
ഭയപ്പെടുത്തി. അത് ജെന്നിയുടെ
മുടികൾക്കിടയിൽ ഒളിക്കാൻ
ശ്രമിച്ചു. വാതിലിനടുത്തേക്ക്
ചെല്ലുംവരെയും ജെന്നി, ജെന്നി
എന്ന് പറഞ്ഞ് നിൽക്കുന്നയാൾ

തുടർച്ചയായി വിളിച്ചു. വാതിൽ
തുറന്നപ്പോൾ കണ്ടത് അയൽവാ-
സിയായ ശോഭയെയാണ്. ജാനിക്ക്
ശോഭയെ അധികം ഇഷ്ടമല്ല.
അവരുടെ ഉണ്ടക്കണ്ണുകൾ ജാനിയെ
ഭയപ്പെടുത്തുകയും അവരുടെ
ഉച്ചത്തിലുള്ള സംസാരം കേൾ-
ക്കുമ്പോൾ പുളിച്ചേറിയ നാരങ്ങ
ചവച്ചിറക്കുന്ന അനുഭവം ജാനി-
യിൽ ഉണ്ടാവുകയും ചെയ്യുന്നു.
“എന്താ ചേച്ചി?
“ഞാൻ നിന്നോട് ഒരു ജോലി-
യുടെ കാര്യം ഇന്നലെ പറഞ്ഞില്ലേ?
ഒരു ബേക്കറിയിൽ നിൽക്കാനായി.
അതെന്താ ശ്രമിച്ചുനോക്കിക്കൂടെ?”
“അല്ല ചേച്ചി, രാജുവേട്ടൻ
സമ്മതിക്കുമോന്ന്”...
“എന്റെ പൊന്നു കൊച്ചേ, ഇന്നത്തെ
കാലത്ത് എത്ര പെണ്ണുങ്ങളാ
ജോലിക്ക് പോവാതെ വീട്ടിൽ
കയറി അടയിരിക്കുന്നത്? നിനക്ക്

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

അന്ത്യാവശ്യം വിദ്യാഭ്യാസം ഉള്ള-
രൊക്കെയല്ലേ? പിന്നെന്താ ഇങ്ങനെ?
പോലെ, ഞാൻ പറയാനുള്ളത്
പറഞ്ഞു. ഇനിയെല്ലാം നീയും
നിന്റെ രാജുവേട്ടനും കൂടി
തീരുമാനിക്ക്."
ഇത്രയും പറഞ്ഞ് ശോഭ അവിടെ
നിന്ന് നടന്നകന്നു. ഇപ്രാവശ്യം
അവർ ജനനിയുടെ വായിൽ
തിരുകിവച്ചത് പുളിപ്പുള്ള
നാരങ്ങയല്ല, പകരം കയ്പേറിയ
പാവയ്ക്കയാണ്.

നേരം നാലരമണി കഴിഞ്ഞു.
താരയേയും തനയയേയും നോക്കി
വരാന്തപ്പടിയിൽ ഇരിക്കുകയാണ്
ജനനി. മക്കൾക്കായി അവർ
തിളപ്പിച്ച പായസത്തിൽനിന്ന് ആവി
പറന്നുകൊണ്ടിരുന്നു. അപ്പോ-
ഴാണ് "അമ്മേ" എന്ന് വിളിച്ചു
കൊണ്ട് തനയ ഓടിവന്നത്.
അവളെക്കാൾ ഒന്നരക്കിലോ

കൂടുതലമുള്ള ബാഗും തോളിൽ തൂക്കി പണിപ്പെട്ട് ഓടിവരുന്ന കുഞ്ഞിനെ കണ്ടപ്പോൾ ജനനിക്ക് സഹതാപം തോന്നി. ബാഗ് തന്മയയുടെ തോളിൽനിന്ന് ഊരിമാറ്റിയ ശേഷം ജനനി അവളെ വാരിപ്പുണർന്നു.

"ചേച്ചിയെണോ?"

"വരുന്നുണ്ട്."

ഒച്ചിനെപ്പോലെയാണ് താര നടന്നുവന്നത്. രണ്ട് പശുവും പിന്നി-ലെയാത്തക്കിയിട്ട് അവരുടെ വടി ആകെ പാറിപ്പാറി കളിക്കു-കയാണ്. ജനനി പെട്ടെന്നേതോ ശ്രദ്ധിച്ചു. താരയുടെ ദേഹത്ത് ഒരു ചുവന്ന പാട്.

"നിന്റെ ദേഹത്ത് എന്താ പറ്റിയേ?"

"ഒന്നുല്ല!"

അവിടവിടെയായി പരിഭ്രാന്തി-യോടെ കണ്ണുകളോടിച്ച ശേഷം താര അകത്തേക്ക് കയറിപ്പോയി.

രാജുവിന് പതിവിലും
താമസിച്ചാണ് ജോലി കഴിഞ്ഞത്
അയാളുടെ മുഖം ദേഷ്യത്താൽ
ചുവന്ന് തുടിത്തിരുന്നു. സ്കൂളി-
ലെന്തോ പ്രശ്നമുണ്ട്. ജോലി-
യുടെ കാര്യം രാജുവിനോട്
പറഞ്ഞാലോ എന്ന് ജനനി
ചിന്തിച്ചെങ്കിലും അവരതിന്
തുനിഞ്ഞില്ല. എങ്കിലും എന്തോ
ഒന്ന് അവളെ അയാളുടെ
അടുത്തേക്ക് ഉന്തിത്തള്ളിവിട്ടു.
ഷർട്ടൂരി കട്ടിലിലേക്ക് വലിച്ചെ-
റിഞ്ഞ രാജുവ് പല്ല് ഞെരിക്കുക-
യാണ്. രണ്ട് വർഷം മുമ്പ്
ഓർമയിൽ നിന്ന് മാഞ്ഞുപോയ
ഒരാളുടെ മുൻപിൽ നിൽക്കു-
കയാണ് ജനനി. പതിനാറ്
വർഷത്തെ വിവാഹജീവിതത്തെ-
ക്കുറിച്ച് ചിന്തിക്കാൻ ജനനിയുടെ
തലച്ചോറിലെ സെറിബ്രം
തയ്യാറായില്ല. അവൾ ഉമിനീരിറക്കി,

ദീർഘമായി നിശ്വസിച്ച് സംസാരം
തുടങ്ങി,
"അമ്മേ ശോഭേച്ചി ഒരു ജോലീടെ
കാര്യം പറഞ്ഞോ...!"
അവരുടെ വാക്കുകൾ പൂർത്തിയാ-
കുന്നതിനു മുൻപ് പുറം തിരിഞ്ഞ്
രാജീവ് അവരുടെ കരണത്ത്
ആഞ്ഞാഞ്ഞടിച്ചു. അടിയുടെ
ആഘാതത്തിൽ ജനനിയുടെ മൂക്കുത്തി
തെറിച്ചുപോയി. മൂക്കിൽ നിന്ന്
രക്തം വന്നു. തെറിച്ചുപോയ
മൂക്കുത്തിക്കായി അവർ മുറിയിലാകെ
പരതി. കണ്ണുകളിൽ നിന്ന് കണ്ണീരിനു
പകരം രക്തം പൊടിയുന്നതായി
തോന്നി.
"നിന്നോട് ഞാൻ പലവട്ടം
പറഞ്ഞിട്ടില്ലേ ആവശ്യമില്ലാതെ
എന്റെ മുറിയിൽ കയറരുതെന്ന്.
ഒന്നാമതേ ഞാനാകെ പ്രാന്തെ-
ടുത്ത് നിൽക്കുവാ. അതിന്റെ കൂടെ വട്ട്.
ഇറങ്ങി പോടി!"

കുതിച്ച് ചാടിയ സിംഹത്തിന്റെ
വായിൽനിന്ന് കുതറിയോടിയ
മാനിനെപ്പോലെ ജനനി വഴിയിൽ
നിന്നും പുറത്ത് ചാടി. പടക്കം
പൊട്ടുന്ന ശബ്ദം കേട്ട് തൂണിന്
പുറകിൽ ഒളിച്ചിരുന്ന തന്മയയെ
ജനനി അടുത്തേക്ക് വിളിച്ചു.
ഓടിവന്ന തന്മയ അവളുടെ
കണ്ണിൽനിന്ന് വന്ന കണ്ണുനീർ തുട-
ക്കുന്നതിന് മുൻപ് മൂക്കിൽനിന്ന്
വന്ന രക്തം തുടച്ചു. വേദനയുടെ
രണ്ട് രൂപങ്ങളെ ഒപ്പിയെടുത്ത
ആ കൈക തന്മയ അറിയാതെ-
യാണ് പായിൽ വച്ചു. കണ്ണുനീരിന്റെ
ഉപ്പുരസവും രക്തത്തിന്റെ ഇരുമ്പു
ചുവയും കൂടിച്ചേർന്നപ്പോഴുണ്ടായ
ആ രുചിയെ തന്മയ തിരിച്ചറിഞ്ഞില്ല.
രണ്ട് വർഷത്തിനിപ്പുറം കിട്ടിയ
ആദ്യത്തെ അടിയുടെ ചൂടും
രാജീവിന്റെ വിയർത്തൊലിച്ച
കൈകളുടെ ഗന്ധവും ജനനിയുടെ

കവിളിനെ വിട്ടുപിരിയാതെ
നിന്ന് ഉണങ്ങാനും ശ്രമിക്കാതെ
മരവിച്ചിരിക്കുകയാണ് താര,
സ്വന്തം കവിളും തിരുമ്മിക്കൊണ്ട്.

അന്ന് രാത്രി ജനനി
ഉറങ്ങിയില്ല. താനനുഭവിക്കുന്ന
ഒറ്റപ്പെടലും പരിഹാസങ്ങളുമെല്ലാം
ആരോടെങ്കിലും തുറന്ന്
പറയണമെന്ന് ജനനിക്ക് തോന്നി.
എന്നാൽ തന്നെ കേൾക്കാനും
മനസ്സിലാക്കാനും ആരും ശ്രമി-
ക്കുന്നില്ല എന്ന സത്യം അവളെ
വേദനിപ്പിച്ചു. സിരകളിലൂടെ
രക്തത്തിനു പകരം വേദനകളും
യാതനകളും ഹൃദയത്തിലേക്കും
മറ്റ് ശരീരഭാഗങ്ങളിലേക്ക്
ഒഴുകി. താനും തന്റെ ആത്മാവും
നശിൽ കാലകാലങ്ങളായി
തളംകെട്ടി നിൽക്കുന്ന വേദനകളെ
കരിവറ്റിക്കാൻ ജനനി
തീരുമാനിച്ചു. അവൾ മരണം

തരിച്ച് കണ്ണാടിക്ക് മുമ്പിലായി-
രുന്നു.
“ജനനി, നീയാരാണ്? നീയെന്താണ്?
നിനക്ക് നിന്റേതായ വ്യക്തിത്വ-
മുണ്ടോ? സ്വന്തമായ അഭിപ്രായ-
മുണ്ടോ? മറ്റുള്ളവർക്ക് മുൻപിൽ
നീ ഉത്തമയായ കുടുംബിനിയാ-
ണ് ഭർത്താവിന്റെ പീഡന-
ങ്ങൾ സഹിച്ചുതരാറുണ്ടോ?
അതോ മക്കൾക്ക് നാലുനേരം
വച്ചുവിളമ്പിത്തരാറുണ്ടോ?
അറിയില്ല. അതിനെക്കുറിച്ച്
ചിന്തിച്ചിട്ടില്ല. ഞാനൊരിക്കൽ
പോലും എന്നെക്കുറിച്ച്
ആലോചിച്ചിട്ടില്ല. അത് എന്റെ
തെറ്റാണോ? അതോ സമൂഹം
എനിക്ക് ചുറ്റും തീർത്ത
വേലിക്കെട്ടുകളെ ഭേദിച്ച്
പുറത്ത് കടക്കാൻ സാധിക്കാത്ത-
തുകൊണ്ടോ? ഞാൻ സ്നേഹിച്ചു-
യാൾ എന്നെ സ്നേഹിച്ചിട്ടില്ല.

ഗർഭിണിയായിരുന്നപ്പോൾ എന്റെ
വയറ്റിൽ ആണ് വവിടിയയാൾ
ഇന്നെന്റെ മരണക്കിടച്ചതിൽ
അങ്ങരനവില്ല. വർഷങ്ങൾ ഒരുപാട്
കഴിഞ്ഞു. എന്നാൽ ഇനിയും
സമയമുണ്ട്. എനിക്ക് എന്നെക്കുറിച്ച്
ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു
ജോലി കൊണ്ട് വരണം എല്ലാം
ശരിയാക്കണമെന്ന് തോന്നുന്നില്ല.
മാറണം. എല്ലാം മാറണം. ചിന്താ-
ഗതിയും സ്വഭാവവും ജീവിതരീ-
തിയും മാറണം. ഒരു മാറ്റം, അത്
നല്ലതല്ലേ?
വർഷങ്ങൾ തന്നോട് തന്നെ കയറിച്ച്
നേരം കൂടി സംസാരിച്ചതിനുശേഷം
ജനനി കണ്ണാടിക്ക് മുൻപിൽ
നിന്നുവെളുക്കേന്നു. തന്റെ കട്ടിലിൽ
മലർന്ന് കിടന്ന അവൾ താൻ
കാണുന്നത് ശ്രദ്ധിച്ചു. ചവ്വട്
കാലത്ത് കരുതിവ നൽകുന്ന
ഉറ താൻ ഒരിക്കൽ വെറുതിവരി-

ണാലോ? അച്ചോഛും അവരുടെ
കൈകൾ ഉടമയും നാൾ
മുകിലണിഞ്ഞിരുന്ന മുഖത്തി-
ക്കായി പരത്തി.

പിന്നെ രാവിലെ തന്നെ ജനനി
ഗോദ പറന്ന ജോലിയുടെ
കാര്യം അന്വേഷിക്കാനായി പോയി.
തന്റെ മകൾ താരയുടെ ~~മ~~
മരവണ്ണ് കണ്ട പാട് തന്റെ
ഭർത്താവിനെ ചോലാര
പുരുഷനെയാണോ അവൾ
കണ്ടുപിടിച്ചത് എന്ന ഭയം
ജനനിയിലുണ്ടാക്കി. വീടിൽ
എത്തുമ്പോൾ താരയോട്
അതിനെക്കുറിച്ച് അന്വേഷിക്കാൻ
ജനനി തീരുമാനിച്ചു. ഇപ്പോൾ
അവർ തന്റെ ജീവിതത്തിലെ
മാറ്റത്തിന്റെ തുടക്കത്തിനായുള്ള
ആദ്യപടിയിൽ ചവിട്ടാനായി
പോവുകയാണ്. രാജീവിനായുള്ള
ദുഃഖം പാടത്തിലെടുത്തു

**Item Code:** 640 **Participant Code:** 033

വച്ചതിനാൽ ഇന്ന് നല്ല് കൊടേദ്ദുദ്ദി-
വരില്ല എന്ന ഉറച്ച് ഞാനിക്കൊണ്ട്
ഇനി താനത് പെച്ചില്ല. ഉണ്ടാവ-
യായ കുടുംബിനി എന്ന
തലക്കെട്ട് എന്നിനേക്കാളും
"വ്യക്തിസ്വാതന്ത്ര്യം സ്ത്രീക്കാണ്"
~~[illegible]~~ ഗണിക്കൂടത്തൽ എന്ന്
ഞാനിന്ന് തിരിച്ചറിയുന്നു. സ്നേഹം
വിലകൊടുത്ത് വാങ്ങാനാവില്ല.
അത് അർഹിക്കുന്നവർക്കേ
നൽകാവൂ, അർഹതയുള്ളവരിൽ
നിന്നേ സ്വീകരിക്കാവൂ.
ഞാൻ സ്നേഹിച്ചവരെല്ലാം
അതിനർഹരല്ല എന്ന സത്യം
ഞാനിന്ന് തിരിച്ചറിയുന്നു. എല്ലാവർ-
ക്കുമായി തരേന്ന് കൊടുത്ത
ആ മുറിയുടെ വാതിൽ
ഇപ്പോൾ അടക്കപ്പെടുക-
യാണ്. അതൊരു കാലം
സ്വാർത്ഥതാൽപര്യങ്ങൾക്ക്
വേണ്ടിയല്ല, മറിച്ച് ആ മുറിയു-

64th Kerala School Kalolsavam, January 14 to 18, 2026, Thrissur

Item Code: 640 Participant Code: 033

ദേഹം അതിൽ വസിക്കുന്ന
വനമൃഗങ്ങളിൽ പിയും ദേഷ്യം
നിശ്ചലമായി.
ഇനി തന്റെ നടത്തിന്റെ
വേഗത വർധിപ്പിച്ചു. ഒരു
ഉഗ്രം കാറ്റ് അവരുടെ മുടിയിഴ-
കളെ തഴുകി. അപ്പോൾ
ആരോ [illegible] എഴുതിയ
ഒരു നാലുവരി അവരുടെ
ചുണ്ടുകളിലൂടെ ആകാശ-
ത്തിലേക്ക് പറന്നു.
"കണ്ണന്റെ നടവഴിയെ
സ്നേഹയാത്രപഠിച്ച
കാവ്യഭാവനേ...
നിനക്കഭിനന്ദനം,
അഭിനന്ദനം...

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).